## സമകാലിക ചരിത്രം

സ്വാതന്ത്ര്യ സമരം, രാഷ്ട്രീയ പ്രക്ഷോപങ്ങൾ, ജനകീയ മുന്നേറ്റങ്ങൾ എന്നീ രംഗങ്ങളിൽ തൃശ്ശൂർ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. ഈ പ്രദേശത്തെ ജനകീയ കൂട്ടായ്മകളുടെ സജീവ പങ്കാളിത്തം ഈ രംഗങ്ങളിലുണ്ടായിട്ടുണ്ട്. മുഖ്യ ചരിത്രത്തിൽ കടന്നു വരാത്ത ഒരുപാട് സംഭവങ്ങൾ രേഖപ്പെടുത്തുകയാണ് ഈ അന്വേഷണത്തിലൂടെ ചെയ്യുന്നത്.

### ടിപ്പുവിന്റെ പടയോട്ടം

മൈസൂർ കടുവ എന്നറിയപ്പെട്ടിരുന്ന ടിപ്പുസുൽത്താന്റെ പടയോട്ടം തൃശ്ശൂരിനെയും ബാധിച്ചു. അതിന്റെ അവശിഷ്ടങ്ങൾ പലതും തൃശ്ശൂർ നഗരത്തിലുണ്ടായിരുന്നു. സുൽത്താൻ തൃശ്ശൂർ അക്രമിച്ചതിന്റെ ഒരു സ്മാരകം പിരമിഡാകൃതിയൽ ഉള്ള ഒരു വലിയ കല്ലായിരുന്നു. പാലസ് സ്റ്റേഡിയത്തിന്റെ വടക്കു പടിഞ്ഞാറു മൂലയിൽ ഒരാലുണ്ടായിരുന്നു. അതിനടിയിലായിരുന്നു ആ സ്മാരകം ഉണ്ടായിരുന്നത്. ഈ സ്മാരകം അവിടുന്ന് ബസ്സ്റ്റാന്റിന്റെ ഗേറ്റിനടുത്തേക്ക് മാറ്റി. ടിപ്പു പോയതിന്റെ അടയാളമാണ് സ്മാരകമത്രേ. ആ സ്തൂപം കോവിലക കവാടത്തിന്റെ വടക്കുഭാഗത്താണ്.

ശക്തൻ തമ്പുരാൻ കോവിലകത്തിനു ചുറ്റും വലിയ കിടങ്ങുണ്ടാക്കിയതു ടിപ്പുവിന്റെ ആക്രമണത്തെ നേരിടാനാണ്. ആ കിടങ്ങ് നികത്തിയ സ്ഥലത്താണ് ഇപ്പോഴത്തെ സ്റ്റേഡിയം നിലക്കൊള്ളുന്നത്. ഈ കോട്ടയുടെ അവശിഷ്ടം ഇപ്പോഴും പടിഞ്ഞാറെ ഗോപുരകവാടത്തിനോടുചേർന്ന് ഇപ്പോഴും കാണാം (കോട്ടകൾ ചേർക്കണം). ടിപ്പുവിന്റെ പടയോട്ടം തടയാൻ വേണ്ടിയാണ് കിടങ്ങു കുഴിച്ച് കോട്ടകൾ പണിതത്. ഇത് ഇന്ന് കിഴക്കേകോട്ട, പടിഞ്ഞാറേക്കോട്ട എന്ന പേരിൽ അറിയപ്പെടുന്നു.

കൊച്ചി രാജാവിന്റെ കാലത്താണ് കിടങ്ങുകൾ ഉണ്ടാക്കിയത്. മൈസൂറിൽ നിന്നുള്ള ടിപ്പുവിന്റെ പടയോട്ടത്തെ തടയുന്നതിനാണിത്. കിടങ്ങിന് ഏകദേശം ആറടി വീതിയും 10-15 അടി താഴ്ച്ചയും ഉണ്ടായിരുന്നു. ടിപ്പുവിന്റെ കുതിര പട്ടാളം (കുതിരപ്പട) എടുത്തു ചാടാൻ പറ്റാത്ത വിധത്തിലാണ് കിടങ്ങുകൾ കുഴിച്ചിരുന്നത്.

ടിപ്പുവിന്റെ കാലത്തെ കിടങ്ങ് തൂർത്ത് ഉണ്ടാക്കിയതാണ് കാൽവരി റോഡ്. കിടങ്ങിന് 20 അടി താഴ്ച്ചയും 4 ദണ്ട് വീതിയും ഉണ്ടായിരുന്നു. കുഴിച്ചെടുത്ത മണ്ണ് കൂട്ടിയിട്ടതാണ് കോട്ടയായിമാറിയത്. കിടങ്ങു തൂർത്തതിനു ശേഷം 47 വീട്ടുക്കാർ അവിടെ താമസിക്കാൻ തുടങ്ങിയത്. അതാണ് ഇന്നത്തെ കാൽവരി റോഡ് എന്നറിയപ്പെടുന്നത്.

ചെമ്പൂക്കാവിലുള്ള സെൻട്രൽ ഹോട്ടൽ സ്ഥിതിചെയ്യുന്ന സ്ഥലത്താണ് ടിപ്പുവിന്റെ സൈന്യം പാർത്തിരുന്നതായി പറയപ്പെടുന്നു. 1789- ഡിസംബർ 14-ന് കേരളത്തിൽ

ടിപ്പുവിന്റെ പടയോട്ടം ഉണ്ടായതായും ഒല്ലൂരിൽ വന്നതായും ഒല്ലൂർ പള്ളിക്ക് തീ വച്ചതായും പറയുന്നുണ്ട്.

**അത്താണി.**

ഗ്രാമ പ്രദേശങ്ങളിൽ നിന്ന് പട്ടണങ്ങളിലേക്ക് പച്ചക്കറിയും മറ്റ് ഉത്പന്നങ്ങളും കൊണ്ടുവരുവാൻ വാഹന സൗകര്യങ്ങൾ കുറവായിരുന്നു.പ്രധാനമായും കാളവണ്ടികളോ പോത്തു വണ്ടികളോ ആണ് കൂടുതൽ ചരക്ക് കൊണ്ടു വരാനും കൊണ്ടു പോകാനും ആശ്രയിച്ചിരുന്നത്. അതും പത്തു മൈലിനും കൂടുതൽ ദൂരങ്ങൾക്ക് പ്രധാനമായും കൈ വണ്ടികളായോ തലചുമടുകളായോ തോളിൽ ചുമക്കുന്ന കാവുകളിലോ ആണ് കൊണ്ടുവന്നിരുന്നത്. അവർക്ക് സഹായകരമായ വിധത്തിൽ ഭാരം ഇറക്കിവച്ച് വിശ്രമിക്കുവാൻ കരിങ്കല്ലുകൊണ്ടു അത്താണികൾ പല റോഡുകളിലും സ്ഥാപിതമായിരുന്നു. ചില സ്ഥലങ്ങളിൽ അത്താണിക്കു സമീപം ചെറിയ ഷെഡും കെട്ടിയിരുന്നു. ഇത് പ്രധാനമായും ദാന ധർമ്മത്തിന്റെ ഒരു ഘടകമായി കരുതി പലകുടുംബങ്ങളിലേയോ സാമ്പത്തികമായി കഴിവുള്ളവരോ ആണ് സ്ഥാപിച്ചിരുന്നത്. ചില അത്താണികൾ കരിങ്കല്ലുകളിൽ ആരുടെ സ്മരണയ്ക്കാണോ അവരുടെ പേരും കൊത്തി വെക്കാറുണ്ട്. തല ചുമടായും കാവുകളിൽ കൊണ്ടു വരുന്നവർക്കും ഇത് വളരെ സൗകര്യമായിരുന്നു. അവർ ഇത് പരമാവധി പ്രയോജനപ്പെടുത്താറുണ്ട്.

**ഒല്ലൂർ അത്താണി**

ഒല്ലൂർ സെന്ററിൽ ബസ് സ്റ്റോപ്പിനു സമീപം ഇന്ന് നിലക്കൊള്ളുന്ന പി.ആർ.ഫ്രാൻസീസ് സ്മാരക മന്ദിരം നിൽക്കുന്നിടത്ത് പണ്ട് വഴിയമ്പലമായിരുന്നു. വഴി നടന്നു ക്ഷീണിക്കുന്നവർക്കുള്ള വിശ്രമസങ്കേതമായിരുന്നു ഇത്. ഈ വഴിയമ്പലത്തിനു സമീപം ഉയരത്തിൽ ഒരത്താണി (ചുമടുതാങ്ങി) ഉണ്ടായിരുന്നു. അകലേ നിന്നും ഭാരം തലയിലേറ്റി വരുന്നവർക്ക് ഈ അത്താണിയും വഴിയമ്പലവും വളരെയേറെ ഉപകരിച്ചിരുന്നു.

**നാണയ സമ്പ്രദായം**

ശില്ലി, കാലണ, അരയണ, ഒരണ, മഹാണി എന്നിങ്ങനെ പല സമ്പ്രദായത്തിലുള്ള നാണയങ്ങളും മുൻ കാലങ്ങളിൽ നിലവിലുണ്ടായിരുന്നു. ശില്ലി എന്നത് വളരെ വിലകുറഞ്ഞ പൈസ ആയിരുന്നു. ഒറ്റ പൈസ പൊലുള്ള നാണയമാണ് ശില്ലി. 12 ശില്ലി ആയിരുന്നു ഒരു മഹാണി. നിക്കൽ ലോഹം കൊണ്ടാണ് മഹാണി നാണയം ഉണ്ടാക്കുക. ചതുരത്തിൽ ഉള്ള "രണ്ട്" എന്നെഴുതിയിട്ടുള്ള നാണയം അരക്കാലണ ആയിരുന്നു. ഒരു രൂപക്ക് എട്ടരക്കാലണയായിരുന്നു. രൂപക്ക് പതിനാറ് അണയായിരുന്നു. 5 പൈസയായിരുന്നു ഒരണ. ഒരണ കൊടുത്താൽ അരി, ഉപ്പ്, വെളിച്ചെണ്ണ, എണ്ണ തുടങ്ങി പന്ത്രണ്ട് കൂട്ടം സാധനങ്ങൾ കിട്ടുമായിരുന്നു.

**അന്നത്തെ കൂലി.**

അന്നത്തെ ചില സാധനങ്ങളുടെ മാർക്കറ്റ് വില താഴെ പറയും പ്രകാരമായിരുന്നു.
നൂറ് അടക്കക്ക് ഒരണയായിരുന്നു. ഒരു കെട്ട് വെറ്റിലക്ക് ഒരണയായിരുന്നു.നാലണ കൊടുത്താൽ ഇടങ്ങഴി വെളിച്ചെണ്ണ ലഭിക്കുമായിരുന്നു. കാൽ അണയായിരുന്നു ഒരു നാളികേരത്തിന്റെ വില. ഒരു രൂപക്ക് അറുപത്തിനാല് നാളികേരം കിട്ടും.

**കൂലി വ്യവസ്ഥ**
കൃഷിക്കാരുടെ കൂലി ആണുങ്ങൾക്ക് നാലെടങ്ങഴി നെല്ലും പെണ്ണുങ്ങൾക്ക് രണ്ടെടങ്ങഴി നെല്ലുമായിരുന്നു. ഓരോ ദിവസത്തെയും കൂലിയായ നെല്ല് വീട്ടിൽ കൊണ്ടുപോയി കുത്തി അരിയാക്കി ചോറുവച്ചിട്ടു വേണം ഭക്ഷണം കഴിക്കാൻ. രൂപനിരക്കിൽ മൂന്നുറുപ്പിക, നാലുറുപ്പിക എന്നതായിരുന്നു കൂലി.

ഓരോ തറവാട്ടിലും കൂലിക്ക് വ്യത്യാസം ഉണ്ടായിരുന്നു. കൊള്ളന്നൂർ തറവാട്ടിൽ നാലുപറ അങ്ങോട്ട് അളന്നാൽ ഒരു പറ നെല്ല് കൂലിയായി കിട്ടും. കൈപ്പിള്ളിയിൽ അഞ്ച് പറക്ക് ഒരു പറയാണ് കിട്ടുക. കൈപ്പള്ളിക്കാർ രണ്ടിടങ്ങഴി നെല്ല് കൂടുതൽ തരും. ഇടങ്ങഴിയുടെ ഉള്ളിൽ അളക്കുന്ന സമയത്ത് കൈയിട്ട് വടിച്ചാൽ കൂലിക്കാരുടെ കൈ പിടിക്കുമായിരുന്നു. ആണുങ്ങൾക്ക് ഒരു പറ കിട്ടിയാൽ പെണ്ണുങ്ങൾക്ക് അരപ്പറയേ കിട്ടുകയുള്ളൂ.

**നാണയം**
പഴയ നാണയങ്ങൾ 2 അണ, നാണ്യം 1 അണ, 4 അണ, കാൽ അണ, അര അണ,1 ശില്ലി, 1756 വിക്ടോറിയ രാജ്ഞിയുടെ എംബ്ളം ഉള്ള 1 നാണ്യം, ഓട്ട ഒന്നരക്കാശ്, നയാപൈസ, 1 ചക്രം, 16 കാശ്, ഒരു ചക്രം.
സ്ത്രീകൾക്ക് കൂലി 12 അണയാണ്. അതായത് 75 പൈസ. പുരുഷന്മാർക്ക് ഒന്നരരൂപ കൂലി കൊടുക്കും.
നായരങ്ങാടിയിൽനിന്ന് ചന്തങ്ങാടിയിലേക്ക് ചുമട് എടുക്കുന്നതിന് ഒരണ (6 പൈസ) ആയിരുന്നു. അരി ബസാറിൽ നിന്നും നായരങ്ങാടിയിലേക്ക് ചുമട് എടുക്കുന്നതിന് 2 അണയാണ് കൂലി. അന്നത്തെ ദല്ലാളൻമാർക്കു കൊടുത്തിരുന്നത് 4 അണ (25 പൈസയാണ് ഒരു ചാക്കിന് കൊടുത്തിരുന്നത്). ദല്ലാൾമാർ വില പേശുന്ന ഭാഷയുണ്ട്. അവർ ഒരു ഡായ എന്നു പറഞ്ഞാൽ അവരുടെ ഭാഷയിൽ 10 രൂപയാണ്. നാല് അണയെ പാൻ എന്നും, 100 രൂപയെ ഗർവ്വ് എന്നും ആണ് അവർ ഉപയോഗിച്ചിരുന്നത്.
സ്കൂളിൽ എല്ലാ മാസവും ഫീസ് ഉണ്ടായിരുന്നു. ഒന്നാം ക്ളാസ്സിൽ നാലണ, രണ്ടാം ക്ളാസ്സിൽ ആറണ, മൂന്നാം ക്ളാസ്സിൽ ഒമ്പതണ, നാലാം ക്ളാസ്സിൽ പന്ത്രണ്ടണ എന്നിങ്ങനെയായിരുന്നു ഫീസ് നിരക്ക്.

**പഴയ വസ്ത്ര ധാരണ രീതി**

പണ്ട് കാലങ്ങളിൽ കാശില്ലാത്തവർ ജഗനാഥൻ മുണ്ടും കാശ് ഉള്ളവൻ മൽമൽ മുണ്ടുമാണ് ഉടുത്തിരുന്നത്. 10 വയസ്സുവരെ കോണകമാണ് ഉപയോഗിച്ചിരുന്നത്. പിന്നീടാണ് ട്രൗസർ ധരിക്കുന്നത്. ക്രിസ്ത്യനികളുടെ വേഷം ഞൊറിയിട്ട മുണ്ടും ചട്ടയും ആയിരുന്നു. അവരുടെ കാതിൽ മേക്കാമോതിരം അണിഞ്ഞിരുന്നു. താഴ്ന്ന ജാതിക്കാർ മാറ് മറക്കുന്ന സമ്പ്രദായം ഇല്ല. മുട്ടോളം എത്തുന്നമുണ്ട് മാത്രമേ ഉടുത്തിരുന്നുള്ളു.